"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പരിയാരം റെയിഞ്ചിൽ 15.07.1982 ൽ നടന്ന തേക്ക് കഴ ലേലവുമായി ബന്ധപ്പെട്ട് ശ്രീ. വി. കെ. വെങ്കിടസ്വാമി, ധനലക്ഷ്മി സോമിൽസ്, തിരുപ്പൂർ എന്ന വ്യക്തി സർക്കാരിനുണ്ടാക്കിയ നഷ്ടം എഴുതിത്തള്ളുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.277/2023/F&WLD തീയതി,തിരുവനന്തപുരം, 15-07-2023

---

പരാമർശം:- 1. 07.08.2017 ലെ സ.ഉ (പി) നം: 102/2017/ധന നമ്പർ ഉത്തരവ്.

2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (റീജിയണൽ നോർത്ത്) - ന്റെ 17.02.2017-ലെ എഫ്-4784/05 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ. വി. കെ. വെങ്കിട സ്വാമി, ധനലക്ഷ്മി സോമിൽസ്, തിരുപ്പൂർ എന്ന വ്യക്തി 08.07.1982 ൽ പരിയാരം റെയിഞ്ചിൽ നടന്ന തടി ലേലത്തിൽ പങ്കെടുക്കുകയും (1111 രാമവർമ്മ തേക്ക് തോട്ടത്തിൽ നിന്നും ശേഖരിച്ച തേക്ക് തടികളും) 10,73,123.94/- രൂപയുടെ തടി സാധനങ്ങൾ ലേലം വിളിച്ചെടുക്കുകയുമുണ്ടായി. ലേല ദിവസം ഭാഗീക വിലയായി 5000/- രൂപ ടിയാൾ അടക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലേലം ടിയാൾക്ക് സ്ഥിരപ്പെടുത്തി നൽകുകയും, പ്രസ്തുത വിവരം, ടിയാളെ പരിയാരം റെയിഞ്ചാഫീസർ 08.10.1982 - ൽ അറിയിക്കുകയുമുണ്ടായി. ശ്രീ.വി.കെ. വെങ്കിടസ്വാമി ബാക്കി പണം അടച്ച് തടി സാധനങ്ങൾ നീക്കം ചെയ്യുന്നതിനുള്ള കാലാവധി 28.11.1982 വരെ ആയിരുന്നു (52 ദിവസം). 28.11.1982 - ന് മുമ്പായി ടിയാൾ 3,51,043.45/- രൂപ തടിയുടെ വിലയിനത്തിലും 47,127.46 രൂപ സെയിൽ ടാക്സ് ഇനത്തിലും അടക്കുകയും ടിയാന്റെ അപേക്ഷ പ്രകാരം ബാക്കി തുക അടക്കുന്നതിന് 10.02.1983 വരെ സമയം അനുവദിക്കുകയും ചെയ്തിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ, 10.02.1983 - ന് മുമ്പായി ടിയാൾ 3,99,960/- രൂപ തടിയുടെ ബാക്കി വിലയിനത്തിലും പിഴ പലിശയായി 14,341.60/- രൂപയും സർചാർജ്ജ് ഇനത്തിൽ 17,927.61/- രൂപയും സർക്കാരിലേയ്ക്ക് അടക്കുകയുണ്ടായി. 10.02.1983 - ന് ശേഷം ടിയാൾ 3,17,120.38/- രൂപ ബാക്കി അടക്കേണ്ടതുണ്ടായിരുന്നു. അതേ സമയം, ബാക്കി തുക ടിയാൾ അടയ്ക്കാത്ത

സാഹചര്യത്തിൽ, തടി സാധനങ്ങൾ 18.02.1983 - ന് പുനർ ലേലം നടത്തുന്നതിന് നിശ്ചയിച്ചിരുന്നു. പ്രസ്തുത ലേലത്തിൽ ആരും പങ്കെടുക്കാത്തതിനാൽ, പുനർ ലേല നടപടികൾ സ്വീകരിക്കുകയും 28.07.1983-ൽ നടന്ന പുനർ ലേലത്തിൽ സർക്കാരിലേക്ക് 2,00,812/- രൂപയുടെ നഷ്ടം സംഭവിക്കുകയും ചെയ്തു. പ്രസ്തുത തുക നഷ്ടം വരുത്തിയ ശ്രീ.വി.കെ.വെങ്കിടസ്വാമിയിൽ നിന്നും ഈടാക്കുന്നതിന് പലതവണ ശ്രമിച്ചിട്ടും ലേലക്കാരന്റെ മേൽ വിലാസം കൃത്യമല്ലാത്തതിനാൽ ഈടാക്കുവാൻ സാധിച്ചില്ല. ഇതിനിടെ ലേലക്കാരൻ മരണപ്പെടുകയും ചെയ്തു. ഏകദേശം 35 വർഷത്തോളം പഴക്കമുള്ള കേസായതിനാലും, ലേലക്കാരൻ മരണപ്പെട്ട സാഹചര്യത്തിലും, ടിയാന്റെ പേരിൽ സ്ഥാവരജംഗമ വസ്തുക്കൾ ഒന്നും തന്നെ ഇല്ലാത്തതിനാലും, സർക്കാരിനുണ്ടായ നഷ്ടമായ 2,00,812/- രൂപ എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (റീജിയണൽ നോർത്ത്) പരാമർശം (2) കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.വി. കെ. വെങ്കിട സ്വാമി മരണപ്പെട്ടിട്ടുള്ള സാഹചര്യത്തിലും, ടിയാന്റെ പേരിൽ സ്ഥാവരജംഗമ വസ്തുക്കൾ ഉള്ളതായി കണ്ടെത്താൻ സാധിക്കാത്തതിനാലും, ടിയാന്റെ അനന്തരാവകാശികളെ കുറിച്ചോ സ്വത്തു വിവരങ്ങളെ സംബന്ധിച്ചോ വിവരങ്ങൾ ഒന്നും തന്നെ ലഭ്യമായിട്ടില്ലാത്തതിനാലും, ഏകദേശം 35 വർഷത്തിൽ കൂടുതൽ പഴക്കമുള്ള കേസ്സായതിനാലും സർക്കാരിനുണ്ടായ നഷ്ടം ഈടാക്കുവാൻ അസാധ്യമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാകുന്നു. മേൽ സാഹചര്യത്തിൽ, ശ്രീ.വി. കെ. വെങ്കിട സ്വാമി, ധനലക്ഷ്മി സോമിൽസ്, തിരുപ്പൂർ എന്ന വ്യക്തി 08.07.1982 - ൽ പരിയാരം റെയിഞ്ചിൽ നടന്ന തടി ലേലത്തിൽ പങ്കെടുത്ത് സർക്കാരിനുണ്ടാക്കിയ നഷ്ടമായ 2,00,812/- രൂപ (രണ്ടു ലക്ഷത്തി എണ്ണൂറ്റി പന്ത്രണ്ട് രൂപ മാത്രം) പരാമർശം (1) ഉത്തരവിന്റെ ഇനം നം. 26 - ൽ അനുവദിച്ചു നൽകിയിട്ടുള്ള 'Delegation of Powers' പ്രകാരം എഴുതിതള്ളുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സ്), കോഴിക്കോട് - നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**T T SURESH**

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് മാനേജ്മെന്റ്), ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ് തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്), മാത്തോട്ടം, കോഴിക്കോട് - 673028.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (ധനകാര്യ (അഗ്രി-സി) വകുപ്പിന്റെ Agri-C2/73/2023-Fin പ്രകാരം)

വെബ്ബ് ആന്റ് ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Asha S
Date: 15-07-2023 14:37:35
സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിന്/ബഹു വനം വന്യജീവി വകുപ്പ് മന്ത്രിയുടെ ഓഫീസിന്/വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിന്.